


# വർഗീയ കലാപ നിയന്ത്രണ ബിൽ ആർക്കു വേണ്ടി?

ലേഖനം ● ഡോ. അസ്ഗറലി എഞ്ചിനീയർ

**പാർലമെന്റ്** നടപ്പുസമ്മേളനത്തിൽ വർഗീയ കലാപ നിയന്ത്രണ ബിൽ അവതരിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭ സർക്കാറിന് അനുവാദം നൽകിയിരിക്കുകയാണ്. ഗുജറാത്തിൽ നരേന്ദ്രമോഡിയുടെ നേതൃത്വത്തിൽ 2002–ൽ നടന്ന വർഗീയ കലാപത്തിന്റെ പശ്ചാത്തലത്തിലാണ് 2005–ൽ ഈ ബില്ല് ആദ്യമായി തയാറാക്കപ്പെട്ടത്. ഗുജറാത്ത് കലാപം സൃഷ്ടിച്ച നടുക്കവും ഭീതിയും മുസ്‌ലിംകൾ കൂട്ടത്തോടെ കോൺഗ്രസ്സിന് വോട്ട് ചെയ്യാനും അങ്ങനെ എൻ.ഡി.എ പരാജയപ്പെടാനും കാരണമായിരുന്നു.

ഗുജറാത്തിലേത് പോലെയുള്ള ന്യൂനപക്ഷ വിരുദ്ധ കലാപങ്ങൾ തടയുന്നതിന് പ്രത്യേക നിയമനിർമാണം നടത്തുമെന്ന് കോൺഗ്രസ് പ്രകടനപത്രികയിൽ ഉറപ്പുനൽകിയിരുന്നതാണ്. 2005–ൽ തയാറാക്കപ്പെട്ട പ്രസ്തുത ബിൽ ഞങ്ങളുടേതടക്കം ധാരാളം സന്നദ്ധ സംഘടനകളും സാമൂഹിക പ്രവർത്തകരും വിശദമായി പരിശോധിക്കുകയും നിരവധി ഭേദഗതികൾ നിർദേശിക്കുകയും ചെയ്തിരുന്നു. ഒട്ടനവധി ശിൽപശാലകളും പൊതുചർച്ചകളും സംഘടിപ്പിച്ചാണ് ഈ നിയമം അതിന്റെ രൂപീകരണോദ്ദേശ്യം പൂർത്തീകരിക്കാനുതകും വിധത്തിലുള്ള ഭേദഗതികൾ നിർദേശിക്കപ്പെട്ടത്.

അന്ന് ആഭ്യന്തരമന്ത്രിയായിരുന്ന ശിവരാജ് പാട്ടീലും ഇത്തരത്തിൽ വിവിധ സ്ഥലങ്ങളിൽ പൊതു ചർച്ചകളും കൂടിക്കാഴ്ചകളും നടത്തുകയും സന്നദ്ധ സംഘടനകളിൽനിന്നും സാമൂഹിക പ്രവർത്തകരിൽനിന്നും നിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഇത്തരം നിർദേശങ്ങൾ കണക്കിലെടുക്കുമെന്ന് അദ്ദേഹം നൽകിയ വാഗ്ദാനം, പക്ഷേ ബില്ലിന്റെ അന്തിമ രൂപം പുറത്തുവന്നപ്പോൾ പാലിക്കപ്പെട്ടതായി കണ്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മന്ത്രിസഭയുടെയും പരിശോധനകൾ പൂർത്തീകരിക്കപ്പെട്ട ശേഷം കരട് ബില്ലിൽനിന്ന് എന്തെങ്കിലും മേന്മ അവകാശപ്പെടാൻ പറ്റുന്ന തരത്തിലല്ല ബില്ലിന്റെ അന്തിമ രൂപം.

മന്ത്രിസഭ അംഗീകാരം നൽകിയ ഇപ്പോഴത്തെ ബിൽ പോലീസിന് കൂടുതൽ അധികാരങ്ങൾ നൽകുന്നതാണ്. സത്യത്തിൽ, പോലീസ് എന്നും പരിഹാരത്തേക്കാൾ പ്രശ്നത്തിന്റെ ഭാഗമായിരുന്നു. നിഷ്പക്ഷവും ക്രിയാത്മകവുമായ ഒരു പോലീസ് സേന ഉണ്ടായിരുന്നെങ്കിൽ ഒരു കലാപവും 24 മണിക്കൂറിനപ്പുറം തുടരുമായിരുന്നില്ല. വർഗീയ കലാപങ്ങൾ നിയന്ത്രിക്കാൻ ആത്മാർഥമായി

ശ്രമിക്കുന്ന സർക്കാർ, കലാപം ഉടൻ അടിച്ചമർത്താൻ പോലീസിനോട് ആവശ്യപ്പെടും. പരാജയപ്പെടുന്ന പക്ഷം പോലീസ് ഉദ്യോഗസ്ഥർക്ക് തക്ക ശിക്ഷ നൽകുകയും ചെയ്യും. അത്തരം സന്ദർഭങ്ങളിൽ ഒരു കലാപവും 25–ാം മണിക്കൂറിലേക്ക് നീങ്ങിയിട്ടില്ല. വർഗീയ കലാപങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയവർക്കൊക്കെ അറിയാവുന്നതാണ് പോലീസിന്റെ പക്ഷപാതപരമായ സമീപനം. മിക്ക സന്ദർഭങ്ങളിലും കൈയും കെട്ടി നോക്കി നിൽക്കുകയോ കലാപകാരികളെ സഹായിക്കുകയോ ആണ് പോലീസിന്റെ പതിവ്. അതിന്റെ അവസാനത്തെ ഉദാഹരണങ്ങളാണ് ഗുജറാത്തും കണ്ഡമലും. ചില കലാപങ്ങളിലെങ്കിലും പോലീസ് കലാപകാരികൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

നിലവിലെ ബിൽ താൽപര്യപ്പെടുന്ന പോലെ ഇനിയും പോലിസിനെ ശക്തിപ്പെടുത്തുകയും അമിതാധികാരങ്ങൾ നൽകുകയും ചെയ്താൽ സംഭവിക്കാൻ പോകുന്നതെന്തായിരിക്കുമെന്ന് ആർക്കും അനുമാനിക്കാവുന്നതേയുള്ളൂ. യഥാർഥത്തിൽ പോലീസിനെയല്ല, ഇരകളെയാണ് ശാക്തീകരിക്കേണ്ടത്. കഴിഞ്ഞ മാസം ദൽഹിയിൽ ചില സാമൂഹിക സംഘടനകൾ നടത്തിയ ഒരു ചർച്ചയിൽ പങ്കെടുത്ത മുഴുവനാളുകളും ഈ ബിൽ തള്ളിക്കളയണമെന്ന് ഒറ്റക്കെട്ടായി ആവശ്യപ്പെടുകയാണ് ചെയ്തത്.

വർഗീയാസ്വാസ്ഥ്യം നിയന്ത്രണ വിധേയമായില്ലെങ്കിൽ ഒരു പ്രദേശത്തെ 'സംഘർഷ ബാധിത പ്രദേശ'മായി പ്രഖ്യാപിക്കാനുള്ള ബില്ലിലെ നിർദേശം പോലീസിന് അമിതാധികാരം നൽകുന്നതിനേക്കാൾ ഗുരുതരമാണ്. സാധാരണഗതിയിൽ കർഫ്യൂ പ്രഖ്യാപിക്കപ്പെട്ടാൽ ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ മാത്രമേ അത് നടപ്പിലാക്കാറുള്ളൂ. യു.പി കേഡറിലെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥനായിരുന്ന വിഭൂതി നാരായൺ എഴുതിയ 'ശഹർ മേം കർഫ്യൂ' എന്ന നോവലിൽ ഈ അവസ്ഥ കൃത്യമായി വരച്ചുകാണിക്കുന്നുണ്ട്.

ഒരു പ്രദേശം സംഘർഷ ബാധിതമായി പ്രഖ്യാപിക്കപ്പെട്ടാൽ ആരെയും എവിടെയും സ്വാഭിഷ്ടം വെടിവെക്കാനുള്ള അധികാരമാണ് പോലീസിന് ലഭിക്കുന്നത്. കശ്മീരിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ഇരകളെ നിസ്സഹായരാക്കി മാറ്റുന്ന ഈ നിയമം പിൻവലിക്കണമെന്ന ആവശ്യം ശക്തമാണ്. ഉത്തരവാദിത്വ അവബോധം സൃഷ്ടിക്കാത്തതും പോലീസിന് അമിതാധികാരങ്ങൾ നൽകുന്നതുമായ ഒരു നിയമവും മനുഷ്യാവകാശ പ്രവർത്തകർക്ക് സ്വീകാര്യമല്ല തന്നെ.

വർഗീയ സംഘർഷങ്ങൾ നിയന്ത്രിക്കുന്നതിൽ പരാജയപ്പെടുന്ന പോലീസുകാർ, രാഷ്ട്രീയക്കാർ, ഉദ്യോഗസ്ഥർ എന്നിവർക്ക് കലാപങ്ങളുടെ ഉത്തരവാദിത്വമേറ്റെടുക്കേണ്ടിവരുന്ന യാതൊരു സൂചനയും ഈ ബില്ലിലില്ല. യഥാർഥത്തിൽ നിലവിലുള്ള നിയമങ്ങൾ അവയുടെ ആത്മാവോടു കൂടി യഥാവിധം നടപ്പാക്കിയാൽ ഏതവസ്ഥയെയും നിയന്ത്രണവിധേയമാക്കാൻ സാധിക്കും എന്ന് ഒട്ടേറെ തവണ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതാണ്. മൂന്ന് പതിറ്റാണ്ടോളം പശ്ചിമബംഗാളിലെ ഇടതു സർക്കാറും ഒന്നര പതിറ്റാണ്ടോളം ബീഹാറിലെ ആർ.ജെ.ഡി സർക്കാറും വർഗീയ സംഘർഷങ്ങൾ നിയന്ത്രിക്കുന്നതിലും തടയുന്നതിലും വിജയിച്ചത് ഇതിന് മികച്ച ഉദാഹരണങ്ങളാണ്.

ഇന്ത്യൻ ക്രിമിനൽ കോഡിലെ സെക്ഷൻ 153 എ ആത്മാർഥമായി നടപ്പാക്കുകയും വർഗീയ/വിദ്വേഷ പ്രസംഗങ്ങളും വർഗീയ പ്രേരക പ്രവർത്തനങ്ങളും നടത്തുന്നവരെ അറസ്റ്റ് ചെയ്യുകയും ചെയ്താൽ തന്നെ വർഗീയ സംഘർഷങ്ങളെ വലിയൊരളവോളം നിയന്ത്രിക്കാൻ സാധിക്കും. മൂന്നു വർഷം ജയിലിൽ കിടക്കാൻ ഒരു രാഷ്ട്രീയക്കാരനും താൽപര്യപ്പെടില്ലല്ലോ. എന്റെ അനുഭവത്തിൽ, 1961–ലെ ജബൽപൂർ കലാപം തൊട്ട് 2002–ലെ ഗുജറാത്ത്, കണ്ഡമൽ കലാപങ്ങൾ വരെ വർഗീയ വിഷം ചീറ്റുന്ന ഒരൊറ്റ രാഷ്ട്രീയ പ്രസംഗകരും അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ല.

അതുപോലെ, നഷ്ടപരിഹാരത്തിനും ദുരിതനിവാരണത്തിനും കൃത്യമായ മാർഗനിർദേശങ്ങൾ ഇല്ലാതെയാണ് ഈ ബിൽ തയാറാക്കപ്പെട്ടിരിക്കുന്നത്. ഇപ്പോൾ അത് തീർത്തും മുഖ്യമന്ത്രിയുടെ വിവേചനാധികാരത്തിലാണുള്ളത്. പൂർണമായും വീടുകൾ തകർന്നവർക്ക്, പരിഹാസ്യമായ തരത്തിൽ അയ്യായിരവും മൂവായിരവും രൂപയുടെ നഷ്ടപരിഹാരമാണ് നരേന്ദ്രമോഡി നൽകിയത്. ഇരകളെ നല്ല രീതിയിൽ പുനരധിവസിപ്പിക്കുന്നതിന് മുമ്പ് തന്നെ ദുരിതാശ്വാസ ക്യാമ്പുകൾ അടച്ചുപൂട്ടുകയും ചെയ്തു. ഇത്തരം ക്യാമ്പുകൾ പിന്നീട് നിലനിർത്തിയത് സന്നദ്ധ സംഘടനകളായിരുന്നു. പ്രഥമാന്വേഷണ റിപ്പോർട്ട് (എഫ്.ഐ.ആർ), കുറ്റാന്വേഷണം, വിചാരണ എന്നിവയെക്കുറിച്ചും ഈ ബിൽ മൗനം പാലിക്കുകയാണ് ചെയ്യുന്നത്. പ്രഥമാന്വേഷണ റിപ്പോർട്ട് തയാറാക്കാൻ പോലീസ് എപ്പോഴും വിസമ്മതിക്കുന്നത് ഒരു അത്ഭുതമല്ലാതായി മാറിയിരിക്കുന്നു. അഥവാ തയാ

റാക്കിയാൽ അതിൽ കുറ്റവാളികളുടെ പേര് ചേർക്കുകയുമില്ല. തുടർന്നുള്ള അന്വേഷണങ്ങളെക്കുറിച്ച് പറയാതിരിക്കലാണ് ഭേദം. കോടതികളിൽ കുറ്റവാളികൾ രക്ഷപ്പെടാൻ പാകത്തിലാണ് പലപ്പോഴും അന്വേഷണങ്ങൾ നടക്കുക. തെളിവില്ലെന്ന് പറഞ്ഞ് പോലീസ് പല കേസുകളും എഴുതിത്തള്ളും. ഗുജറാത്തിൽ ഇങ്ങനെ പറഞ്ഞ് പോലീസ് അവസാനിപ്പിച്ച നൂറിലധികം കേസുകൾ സുപ്രീംകോടതി ഇടപെട്ടാണ് പുനരന്വേഷണം നടത്തിയത്. ഇങ്ങനെയൊക്കെയായിരുന്നിട്ടും ഇരകൾക്ക് വേണ്ടി തയാറാക്കിയതെന്ന് പറയപ്പെടുന്ന ബിൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് കുറ്റകരമായ മൗനം പുലർത്തുകയാണ്.

അതിനാൽ, പാർലമെന്റിൽ അവതരിപ്പിക്കുന്നതിന് മുമ്പ് കാതലായ മാറ്റങ്ങൾ ബില്ലിൽ വരുത്തിയേ മതിയാകൂ. സർക്കാർ അതിന് തയാറാവുന്നില്ലെങ്കിൽ എം.പിമാർ സമ്മർദം ചെലുത്തണം. ഇപ്പോൾ നടത്തിയതായി പറയുന്ന 59 ഭേദഗതികളും തൊലിപ്പുറമെയുള്ള മാറ്റങ്ങൾ മാത്രമാണ്. ഇവ കൊണ്ട് നിയമത്തിന്റെ ഘടനയിൽ ഒരു മാറ്റവും ഉണ്ടാകാൻ പോവുന്നില്ല. സാമൂഹിക പ്രവർത്തകർ നൽകിയ നിർദേശങ്ങൾ ഒന്നും തന്നെ സർക്കാർ ഇതിൽ പരിഗണിച്ചിട്ടില്ല. ബില്ലിൽ 'വർഗീയ കലാപ'ത്തെ നിർവചിച്ചതിൽതന്നെ ഗുരുതരമായ അപാകതയുണ്ട്. ദൽഹിയിൽ നടന്ന സംഗമം നിർദേശിച്ച ബദൽ നിർവചനം ഇപ്രകാരമാണ്: "നേരിട്ട് മനസ്സിലാക്കാൻ പറ്റുന്നതോ സാഹചര്യത്തെളിവുകളിൽ നിന്ന് വെളിവാക്കപ്പെടുന്നതോ ആയ തരത്തിൽ, മതകീയ സ്വത്വത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തികളെയോ സംഘങ്ങളെയോ അവരുടെ സ്വത്തുക്കളെയോ ലക്ഷ്യം വെച്ചുള്ള ആക്രമണങ്ങളാണ് വർഗീയ കലാപങ്ങൾ."

ചില പ്രദേശങ്ങൾ 'സംഘർഷ ബാധിത'മായി പ്രഖ്യാപിക്കുന്നതും പൂർണമായും തള്ളിക്കളയണം. സംസ്ഥാന സർക്കാറിന് നിലവിൽതന്നെ ആവശ്യത്തിനുള്ള അധികാരങ്ങൾ ഉള്ളതിനാൽ സംസ്ഥാന–കേന്ദ്ര സർക്കാറുകൾക്ക് ഇനിയും പുതിയ നിയമം വഴി കൂടുതൽ അധികാരങ്ങൾ നൽകേണ്ടതില്ല. അതിനാൽ ബില്ലിലെ രണ്ടാമധ്യായം പൂർണമായും ഒഴിവാക്കണമെന്നും ദൽഹി സംഗമം ആവശ്യപ്പെടുകയുണ്ടായി. യഥാർഥത്തിൽ 'സംഘർഷ ബാധിത പ്രദേശ'വും കുറ്റകൃത്യങ്ങളും തമ്മിൽ പരസ്പര ബന്ധമില്ലാത്തതിനാൽ ഇത്തരം നിയമങ്ങൾ ഗുരുതരവും അന്യായവുമാണ്.

കോടതികൾ നടപ്പാക്കാൻ അറച്ചുനിൽക്കാനിടയുള്ളതിനാൽ സർക്കാർ ഉദ്യോഗസ്ഥർക്ക് നിലവിലെ ശിക്ഷാ നിയമങ്ങൾ ഇരട്ടിപ്പിക്കുന്നതിനു പകരം പൊതുജീവിതവുമായി ബന്ധപ്പെട്ട ശിക്ഷകൾ നൽകുന്നതായിരിക്കും ഉചിതം. ഉദാഹരണത്തിന് പൊതു ഉത്തരവാദിത്വങ്ങളിൽനിന്ന് തടയുക, പ്രഫഷനൽ അസോസിയേഷനുകളിൽനിന്ന് ഡീബാർ ചെയ്യുക തുടങ്ങിയവ. വില്ലിപാർലെയിലെ ശിവസേന സ്ഥാനാർഥിക്ക് വേണ്ടി പ്രകോപനപരമായ രീതിയിൽ തെരഞ്ഞെടുപ്പ് പ്രചാരണം നടത്തിയതിന്, '90കളുടെ അവസാനത്തിൽ മുംബൈ ഹൈക്കോടതിയിലെ ജ. സുരേഷ്, ശിവസേന നേതാവ് ബാൽ താക്കറെയെ ശിക്ഷിച്ചത് ഇതിന് മികച്ച ഉദാഹരണമാണ്. ആറു വർഷം വോട്ട് ചെയ്യുന്നതിനും മത്സരിക്കുന്നതിനും സ്വന്തം പാർട്ടിക്കു വേണ്ടി പ്രചാരണം നടത്തുന്നതിനും ബാൽ താക്കറെക്ക് ഈ വിധിയിലൂടെ വിലക്കേർപ്പെടുത്തുകയുണ്ടായി.

പക്ഷേ, അതൊരു ഒറ്റപ്പെട്ട വിധിയായിരുന്നു. എന്നാൽ, എളുപ്പത്തിൽ തെരഞ്ഞെടുപ്പ് ജയിക്കാൻ വേണ്ടി വർഗീയ പ്രചാരണം നടത്തുന്ന രാഷ്ട്രീയക്കാർക്കെതിരെ ഇത്തരം കടുത്ത ശിക്ഷകൾ പ്രയോഗിച്ചാൽ തീർച്ചയായും അവരെ നിയന്ത്രിക്കാനാവും. പല നേതാക്കളും വർഗീയ പ്രചാരണം നടത്തുന്നത് ആശയപരമായ കാരണങ്ങളേക്കാൾ സാമുദായിക ധ്രുവീകരണം ഉണ്ടാക്കി എളുപ്പത്തിൽ വോട്ട് നേടാനാണ്.

തെരഞ്ഞെടുപ്പ് പരിഷ്കരണമെന്ന വളരെ പ്രധാനപ്പെട്ട ആവശ്യത്തിലേക്കാണ് ഇക്കാര്യങ്ങളെല്ലാം വിരൽ ചൂണ്ടുന്നത്. ഒരൊറ്റ മതവും ഭാഷയും മാത്രം നിലവിലുണ്ടായിരുന്ന ബ്രിട്ടനിൽ നടപ്പിലാക്കിയ 'കൂടുതൽ വോട്ട് നേടുന്നവൻ വിജയിക്കുന്ന' സമ്പ്രദായം ഇന്ത്യയെപ്പോലെ ബഹുസ്വരമായ ഒരു സമൂഹത്തിന് ചേർന്നതല്ല. വിജയിക്കാൻ 51 ശതമാനം വോട്ട് നിർബന്ധമാക്കുകയോ ജനസംഖ്യാനുപാതിക വോട്ടിംഗ് സമ്പ്രദായമോ രണ്ടും ചേർന്നതോ ആയ ഒരു രീതിയായിരിക്കും ഇന്ത്യക്ക് അഭികാമ്യം. എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതും ആരെയും മാറ്റിനിർത്താത്തതുമായ ഒരു ഭരണസംവിധാനം രൂപവത്കരിക്കാൻ അതാണുത്തമം. ഏതായാലും അത്തരം മാറ്റങ്ങളൊക്കെ സംഭവിക്കും വരെ, ഈ ബില്ലിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും വംശീയ സംഘർഷങ്ങളെ നിയന്ത്രിക്കുകയും ചെയ്യേണ്ടതുണ്ട്. ■

**വിവ: എം. സാജിദ്**